## പതിനാലാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 846** 25.01.2018-ൽ മറുപടിയ്ക്ക്

**പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി പുതിയ പദ്ധതികൾ**

**ചോദ്യം**
ശ്രീ.കെ.വി.അബ്ദുൾ ഖാദർ
ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.ആന്റണി ജോൺ
ശ്രീ.കെ. ആൻസലൻ

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച പുതിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി തുടർപദ്ധതികൾക്ക പുറമെ നടപ്പിലാക്കി വരുന്ന പുതിയ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| ബി) | പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നടപ്പാക്കി വരുന്ന ആരോഗ്യ, വൈദ്യസഹായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | ബി) | • എല്ലാ പട്ടികവർഗ്ഗക്കാർക്കും ആധുനിക വൈദ്യസഹായം എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി കൊല്ലം, ഇടുക്കി, പാലക്കാട്, കാസറഗോഡ്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ 6 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ 2017-18 സാമ്പത്തിക വർഷത്തിൽ പത്തനംതിട്ട, തൃശ്ശൂർ, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം, എറണാകുളം എന്നീ ജില്ലകളിൽ കൂടി പുതുതായി 8 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത വാഹനങ്ങളിൽ ഒരു ഡോക്ടർ, നഴ്സ്, ലാബ് ടെക്നീഷ്യൻ |

| | | | |
|---|---|---|---|
| | | | തുടങ്ങിയവർ ഉണ്ടാകും. ബ്ലഡ് അനലൈസർ, ഇ.സി.ജി മെഷീൻ, സ്റ്റെതസ്കോപ്പ്, ബി.പി.അപ്പാരറ്റസ്, നെബുലൈസർ, ഒഫ്ത്താൽമോസ്കോപ്പ്, ഓട്ടോസ്കോപ്പ്, വെയിംഗ് ആന്റ് ഹൈറ്റ് മെഷറിംഗ് സ്കെയിൽ, സർജിക്കൽ ഇൻസ്ട്രുമെന്റ് എന്നീ ഉപകരണങ്ങൾ ഈ വാഹനങ്ങളിൽ സജ്ജീകരിച്ചിട്ടുണ്ട്.<br>• വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലെ അരിവാൾ രോഗ ബാധിതരായ പട്ടിക വർഗ്ഗക്കാർക്ക് മാസം തോറും 2,000/-രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. ടി പദ്ധതിക്കായി 175 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>• ഇടുക്കി, ചാലക്കുടി, മാനന്തവാടി, അട്ടപ്പാടി എന്നിവിടങ്ങളിൽ 5 അലോപ്പതി ഒ.പി.ക്ലിനിക്കുകൾ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്നു.<br>• അംഗീകൃത ആശുപത്രികളിൽ ചികിത്സ തേടുന്നവർക്ക് ധനസഹായം നൽകി വരുന്നു.<br>• ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളതും മാരകമായ ക്യാൻസർ, ഹൃദയം/വൃക്ക/മസ്തിഷ്ക സംബന്ധമായ അസുഖങ്ങളാൽ ദുരിതമനുഭവിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ബഹു.വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | • ആരോഗ്യ വിദ്യാഭ്യാസ പരിപാടിയും തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരി വിരുദ്ധ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പും എക്സൈസും പ്രചരണ പരിപാടികളും, മെഡിക്കൽ ക്യാമ്പുകളും നടപ്പിലാക്കി വരുന്നു.<br>• പോഷകാഹാരക്കുറവ് , ശിശുമാതൃ മരണനിരക്ക് എന്നിവ കുറയ്ക്കുന്നതിനായി കമ്മ്യൂണിറ്റി കിച്ചൻ, ജനനീ ജന്മരക്ഷ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| സി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ട അമ്മമാരുടെയും കുട്ടികളുടെയും പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിനായി ജനനി-ജന്മരക്ഷ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; | സി) | ജനനീ ജന്മരക്ഷ പദ്ധതി നടപ്പിലാക്കുന്നതിന് 1500 ലക്ഷം രൂപ വകയിരുത്തി 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. 12110 ഗുണഭോക്താക്കൾക്ക് ടി പദ്ധതി മുഖേന ധനസഹായം നൽകിയിട്ടുണ്ട്. |
| ഡി) | പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി അട്ടപ്പാടി മേഖലയിൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി മറ്റു ജില്ലകളിൽ കൂടി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ ? | ഡി) | പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി അട്ടപ്പാടി മേഖലയിൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി വയനാട് ജില്ലയിലെ നൂൽപ്പുഴ, കണിയാമ്പറ്റ, തിരുനെല്ലി എന്നീ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നതിനായി 567.47 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി തുക നിർവ്വഹണ ഏജൻസിയായ കുടുംബശ്രീ മിഷൻ അനുവദിച്ചു നൽകിയിട്ടുണ്ട്. |

Haripriya

സെക്ഷൻ ഓഫീസർ

# പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച പുതിയ പദ്ധതികൾ

## 1. സാമൂഹിക പഠനമുറി - 6.21 കോടി രൂപ

പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും ഊരുകളിൽ സാമൂഹിക പഠനമുറി പ്രവർത്തിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഉപദേശകനായോ, ട്യൂട്ടറായോ പ്രവർത്തിക്കുന്നതിന് പട്ടികവർഗ്ഗ യുവതീ യുവാക്കളെ തെരഞ്ഞെടുത്ത് പ്രതിമാസം 15,000/-രൂപ ഹോണറേറിയം വ്യവസ്ഥയിൽ പരിശീലനം നൽകി നിയോഗിച്ചു വരുന്നു. ഇതിനായി 100 സാമൂഹിക പഠനമുറികൾ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിൽ 34 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് 6.21 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സാമൂഹിക പഠനമുറികളുടെ ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| ജില്ല | സാമൂഹ്യ പഠനമുറികളുടെ എണ്ണം |
|---|---|
| കാസറഗോഡ് | 5 |
| കണ്ണൂർ | 5 |
| വയനാട് | 25 |
| കോഴിക്കോട് | 3 |
| മലപ്പുറം | 7 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 25 |
| എറണാകുളം | 3 |
| ഇടുക്കി | 15 |
| പത്തനംതിട്ട | 3 |
| കൊല്ലം | 2 |
| തിരുവനന്തപുരം | 5 |
| ആകെ | 100 |

## 2. ഗോത്രബന്ധു - 4.00 കോടി രൂപ

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുള്ള പ്രൈമറി സ്കൂളുകളിൽ അവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ റ്റി.റ്റി.സി/ബി.എഡ് യോഗ്യതയുള്ള, പ്രദേശത്തെ യുവ വിദ്യാസമ്പന്നനെ (ആണോ/പെണ്ണോ) ആദിവാസി ഭാഷയുടെയും മലയാള ഭാഷയുടെയും അറിവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതിനായി വിജ്ഞാപനം നടത്തി അപേക്ഷ സ്വീകരിച്ച് അഭിമുഖം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 241 പേരെ വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന വിവിധ സ്കൂളുകളിൽ നിയമനം നടത്തി.

## 3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്‌മെന്റ് സ്കീം - 100.00 കോടി രൂപ

### എ) അടിസ്ഥാന സൗകര്യങ്ങൾ

ഈ സർക്കാരിന്റെ കാലത്ത് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി അടിസ്ഥാന സൗകര്യങ്ങളിൽ പിന്നോക്കാവസ്ഥയിലുള്ള കോളനികളുടെ വിവരങ്ങൾ ജില്ലാതലത്തിൽ നിന്നും ശേഖരിച്ച് മുൻഗണനാടിസ്ഥാനത്തിൽ 102 സങ്കേതങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്ത ഏജൻസികൾ മുഖേന ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ ഹാംലെറ്റ് ഡെവലപ്‌മെന്റ് പദ്ധതിയുടെ സ്പിൽ ഓവർ പ്രവൃത്തികളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### ബി) എം.ജി.എൻ.ആർ.ഇ.ജി.എസ് - തൊഴിലിനുള്ള വേതനം

എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾ കൂടി ലഭ്യമാക്കുന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. ഇതിന്റെ വിവരശേഖരണം നടന്നു വരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ഫണ്ട് എം.ജി.എൻ.ആർ.ഇ.ജി.എസ് സ്റ്റേറ്റ് മിഷന് കൈമാറുന്നതാണ്. കുടുംബശ്രീ, തദ്ദേശ സ്വയംഭരണ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്.

### സി) പി.കെ.കാളൻ കുടുംബസഹായ പദ്ധതി

പി.കെ.കാളൻ കുടുംബസഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ചിന്നിചിതറി താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്. ടി പദ്ധതി ടി സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## 4. ഗോത്രവാത്സല്യനിധി

പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ

ഉൾപ്പെടുത്തി പൊതു മേഖലാ ഇൻഷ്വറൻസ് കമ്പനിയായ എൽ.ഐ.സിയുമായി സഹകരിച്ച് ഗോത്രവാത്സല്യനിധി എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒന്നാംഘട്ടത്തിൽ 2014 ഏപ്രിൽ മുതൽ ജനിച്ച 800 പെൺകുട്ടികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ടി പദ്ധതിയ്ക്കായി 2.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

5. <u>വയനാട് ഗോത്രഭാഷാ പഠന കേന്ദ്രം</u>

   പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

6. ആരോഗ്യ വിദ്യാഭ്യാസ പരിപാടി തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക.

7. പോഷകാഹാരക്കുറവ്, ശിശുമരണ മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടി ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ. സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്.

8. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എല്ലാ പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങളും വൈദ്യുതീകരിച്ചു വരുന്നു.

9. KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് വിവിധ ജില്ലകളിൽ എം.ആർ.എസ്/ ഹോസ്റ്റലുകളുടെ നിർമ്മാണം നടത്തുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

Haripriya

**സെക്ഷൻ ഓഫീസർ**